ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ബീഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will launch various development projects worth over Rs 7,200 crore in Motihari, Bihar today.**

2. ആണവ ശേഷിയുള്ള ഹ്രസ്വ ദൂര ബാലിസ്റ്റിക് മിസൈലുകളായ പൃഥ്വി-II, അഗ്നി-I എന്നിവ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു.

   **India successfully test-fires nuclear-capable short-range ballistic missiles Prithvi-II and Agni-I.**

3. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച TRFനെ ഭീകര സംഘടനയായി പ്രഖ്യാപിച്ച് അമേരിക്ക.

   **The US has declared TRF, which was behind the Pahalgam terror attack, as a terrorist organisation.**

4. നിമിഷ പ്രിയ കേസിൽ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായവും ചെയ്യുന്നുണ്ടെന്നും വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും വിദേശകാര്യ മന്ത്രാലയം.

   **The Ministry of External Affairs has said that the central government is providing all possible assistance in the Nimisha Priya and is closely monitoring the matter.**

5. കേരളത്തിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി.

**All educational institutions in Wayanad, Kannur and Kasaragod districts in Kerala will remain closed today due to the possible of heavy rains and red alert.**

6. ഫ്രീസ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ടൂർ നാലാം പാദത്തിൽ ലോക ഒന്നാം നമ്പർ മാഗ്നസ് കാൾസനെ കീഴടക്കി ഇന്ത്യൻ ഗ്രാൻറ് മാസ്റ്റർ ആർ പ്രഗ്നാനന്ദ.

**Indian Grandmaster R Praggnanandha defeated world number one Magnus Carlsen in the fourth round of the Freestyle Grand Slam Chess Tour.**

*********************************************************

## PM-BIHAR-WB

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പശ്ചിമ ബംഗാളിലും ബിഹാറിലും സന്ദർശനം നടത്തും. ബീഹാറിലെ മോത്തിഹാരിയിൽ 7,200 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കുകൾ, റോഡ് പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നാല് പുതിയ അമൃത് ഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും. പശ്ചിമ ബംഗാളിൽ ദുർഗാപൂരിൽ 5,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്കും ശ്രീ മോദി ശിലാസ്ഥാപനം നിർവ്വഹിക്കും. പുതിയ പദ്ധതികൾ ഒട്ടേറെ ആവസരങ്ങൾ തുറന്ന് നൽകുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

*********************************************************

## DEFENCE- MISSILES

ആണവ ശേഷിയുള്ള ഹ്രസ്വ ദൂര ബാലിസ്റ്റിക് മിസൈലുകളായ പൃഥ്വി-II, അഗ്നി-I എന്നിവ ഇന്ത്യവിജയകരമായി പരീക്ഷിച്ചു. ഒഡിഷ തീരത്തെ ചാന്ദിപ്പൂരിലായിരുന്നു വിക്ഷേപണം. പരീക്ഷണം

വിജയകരമായിരുന്നുവെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. 350 കിലോമീറ്റർ ദൂരപരിധിയുള്ള പൃഥ്വി-II മിസൈലിന് 500 കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയും. പരമ്പരാഗത ആയുധങ്ങളും ആണവ പോർമുനകളും വഹിക്കാൻ ശേഷിയുണ്ട്. അഗ്നി-I മിസൈലിന് 700-900 കിലോമീറ്റർ പരിധിയുണ്ട്. 1,000 കിലോഗ്രാം ഭാരം വഹിക്കാൻ കഴിയും. ഇന്ത്യയുടെ ആണവ പ്രതിരോധത്തിൽ അവിഭാജ്യ ഘടകങ്ങളാണ് പൃഥ്വി-II, അഗ്നി-I മിസൈലുകൾ. ശ്രദ്ധേയമായ നേട്ടത്തിൽ ഇന്ത്യൻ സൈന്യത്തെയും DRDO യെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. .

*************************************************************

## INS NISTAR

ഇന്ത്യൻ നാവികസേനയുടെ ആദ്യത്തെ തദ്ദേശീയ ഡൈവിംഗ് സപ്പോർട്ട് വെസലായ ഐഎൻഎസ് നിസ്റ്റാർ ഇന്ന് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്‌യാർഡ് ലിമിറ്റഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച കപ്പൽ, പ്രതിരോധ മേഖലയിലെ 'ആത്മനിർഭർതാ' സംരംഭങ്ങളിൽ സുപ്രധാന ചുവടുവയ്പ്പായാണ് കണക്കാക്കപ്പെടുന്നത്. ആഴക്കടൽ ഡൈവിംഗ് പ്രവർത്തനങ്ങളും അപകടത്തിൽപ്പെടുന്ന അന്തർവാഹിനികൾക്കായുള്ള രക്ഷാപ്രവർത്തനങ്ങളും, അത്യാധുനിക സംവിധാനങ്ങളുള്ള കപ്പലിലിന് നിർവ്വഹിക്കാനാകും.

*************************************************************

## US - TRF

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ദി റെസിസ്റ്റൻസ് ഫ്രണ്ടിനെ ഭീകര സംഘടനയായി പ്രഖ്യാപിച്ച് അമേരിക്ക. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ആണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യൻ സുരക്ഷാ സേനയ്ക്കെതിരായ നിരവധി ആക്രമണങ്ങളുടെ ഉത്തരവാദിത്വം ഇതിനോടകം ടിആർഎഫ് ഏറ്റെടുത്തിട്ടുണ്ട്. ദേശീയ സുരക്ഷാ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും,

ഭീകരതയെ ചെറുക്കുന്നതിനും, പഹൽഗാം ആക്രമണത്തിനിരയായവർക്ക് നീതി ലഭ്യമാക്കുന്നതിനുമുള്ള പ്രസിഡന്റ് ട്രംപിന്റെ പ്രതിബദ്ധതയാണ് ഇത് വ്യക്തമാകുന്നതെന്നും റുബിയോ പറഞ്ഞു.

**************************************************

## HARDEEP – OIL (INTRO)

റഷ്യൻ ക്രൂഡ് ഓയിലിനു മേലുള്ള ഉപരോധത്തിൽ ഇന്ത്യയ്ക്ക് ആശങ്കയില്ലെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി. വിപണിയിൽ ആവശ്യത്തിന് എണ്ണ ലഭ്യമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ ഉർജ വാർത്ത 2025 പരിപാടിയിൽ സംസാരിക്കവെ വ്യക്തമാക്കി. കുറഞ്ഞ വിലയ്ക്ക് എവിടെ നിന്ന് എണ്ണ ലഭിക്കുന്നുവോ അവിടെ നിന്ന് ഇറക്കുമതി ചെയ്യും. 40 ഓളം രാജ്യങ്ങളിൽ നിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള വിതരണ ശൃംഖല ഇന്ത്യക്ക് ഉണ്ടെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

**************************************************

## GOYAL – COMMERCE

രാജ്യത്തിന്റെ ആഗോള വ്യാപാരം സംബന്ധിച്ച വിഷയങ്ങൾ അവലോകനം ചെയ്യുന്നതിന് വിവിധ രാജ്യങ്ങളിലുള്ള ഇന്ത്യൻ ദൗത്യങ്ങളുടെ വാണിജ്യ വിഭാഗം തലവന്മാരുമായി കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ചർച്ച നടത്തി. വ്യാപാര പ്രോത്സാഹന പ്രവർത്തനങ്ങൾ, വിപണി പ്രവേശനത്തിലെ വെല്ലുവിളികൾ, വാണിജ്യ ഇടപെടൽ എന്നിവയെക്കുറിച്ച് ചർച്ച നടന്നതായി വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ആതിഥേയ രാജ്യങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും സാധ്യമായതെല്ലാം ചെയ്യണമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

**************************************************

## PM SOUTH KOREA

ദക്ഷിണ കൊറിയയിൽ നിന്നുള്ള പ്രത്യേക പ്രതിനിധി സംഘം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച്ച നടത്തി. ജനാധിപത്യ രാജ്യങ്ങൾ തമ്മിലുള്ള അടുത്ത സഹകരണം ഇന്തോ-പസഫിക് മേഖലയിലെ സമാധാനത്തിനും സമൃദ്ധിക്കും കാരണമാകുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

**********************************************

## GOVT – ALL PARTY MEETING

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു ചേർക്കും. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

**********************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

**********************************************

## NADDA- HEALTH (INTRO)

ആരോഗ്യപൂർണ്ണമായ ഇന്ത്യയ്ക്കായി സമഗ്രമായ ചികിത്സാ സൗകര്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ. ന്യൂഡൽഹിയിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തുടനീളം 1.77 ലക്ഷം ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങൾ സർക്കാർ നിർമ്മിച്ചിട്ടുണ്ട്. നഗരങ്ങളിൽ മാത്രമല്ല ഗ്രാമീണ മേഖലയിലുൾപ്പെടെ ഇവ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ് )

**********************************************

## MEA NIMISHA PRIYA

നിമിഷ പ്രിയ കേസിൽ കേന്ദ്ര സർക്കാർ സാധ്യമായ എല്ലാ സഹായവും ചെയ്യുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. രാജ്യം നിമിഷയുടെ കുടുംബത്തിന് നിയമസഹായം നൽകുന്നതായും അവർക്കായി അഭിഭാഷകനെ നിയമിച്ചതായും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര സർക്കാർ വിഷയം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

*************************************************

## GEORGE KURIAN

മലപ്പുറം നിലമ്പൂരിൽ അമലാ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ബിരുദദാന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് വൈകിട്ട് പങ്കെടുക്കും. കോളേജിലെ നൈപുണ്യ വികസന കേന്ദ്രം സന്ദർശിക്കുന്ന മന്ത്രി പെൺകുട്ടികളുടെ ഹോസ്റ്റലും ഉദ്ഘാടനം ചെയ്യും. മന്ത്രി വി അബ്ദുറഹിമാൻ പരിപാടിയിൽ പങ്കെടുക്കും.

*************************************************

## RAIN -KERALA

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി. ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നല്കിയിട്ടുണ്ട്. മലയോര മേഖലകളിൽ ജാഗ്രതാ കർശനമാക്കി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*************************************************

## NIPAH

വിവിധ ജില്ലകളിലായി ആകെ 674 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളതെന്ന് മന്ത്രി വീണാ ജോർജ്. മലപ്പുറം ജില്ലയിൽ 131 പേരും പാലക്കാട് 426 പേരും കോഴിക്കോട് 115 പേരും എറണാകുളം, തൃശൂർ ജില്ലകളിൽ ഒരാൾ വീതവുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

***************************************************

## KOLLAM-DEATH

കൊല്ലം തേവലക്കര ബോയ്സ് സ്കൂളിൽ വൈദ്യുത ആഘാതമേറ്റു മരിച്ച മിഥുന്റെ സംസ്കാരം നാളെ നടക്കും. മിഥുന്റെ വിദേശത്തുള്ള അമ്മ എത്തിയതിനു ശേഷമാകും ചടങ്ങുകൾ. സംഭവുമായി ബന്ധപ്പെട്ട് വ്യാപക പ്രതിഷേധമുയർന്നിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഇന്ന് കെ എസ് യു, എ ബി വി പി തുടങ്ങിയ വിദ്യാർഥി സംഘടനകൾ വിദ്യാഭ്യാസ ബന്ദ് പ്രഖ്യാപിച്ചു.

***************************************************

## MANSUKH MANDAVIYA

2036 ലെ സമ്മർ ഒളിമ്പിക്സിലും പാരാലിമ്പിക്സിലും ലോകത്തെ മികച്ച 10 രാജ്യങ്ങളിൽ ഒന്നിലെത്തുകയാണ് രാജ്യത്തിന്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. സ്പോർട്സ് ഒരു പൊതു പ്രസ്ഥാനമാണെന്നും എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ എന്നും മന്ത്രി പറഞ്ഞു ഡൽഹിയിൽ നടന്ന ഖേലോ ഭാരത് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു ഏകീകൃത ശക്തിക്ക് മാത്രമേ ഇന്ത്യയെ ആഗോള കായിക ശക്തികേന്ദ്രമാക്കാൻ കഴിയൂ എന്നും ശ്രീ മാണ്ഡവ്യ പറഞ്ഞു.

***************************************************

## FREESTYLE GRAND SLAM CHESS

ഫ്രീസ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ടൂർ നാലാം പാദത്തിൽ ലോക ഒന്നാം നമ്പർ മാഗ്നസ് കാൾസനെ കീഴടക്കി ഇന്ത്യൻ ഗ്രാൻറ് മാസ്റ്റർ ആർ പ്രഗ്നാനന്ദ. കാൾസനെതിരെ പ്രാരംഭ നീക്കങ്ങളിൽത്തന്നെ പ്രഗ്നാനന്ദ മുൻതൂക്കം നേടി. കാൾസനും അവസരങ്ങൾ ലഭിച്ചെങ്കിലും പ്രഗ്നാനന്ദയുടെ കൃത്യതയാർന്ന നീക്കങ്ങൾക്കുമുന്നിൽ ലോകത്തെ ഏറ്റവും കരുത്തനായ നോർവീജിയൻ താരത്തിന് പിടിച്ചുനിൽക്കാനായില്ല. 39 നീക്കങ്ങളിൽ അഞ്ചുവട്ടം ലോക ചാമ്പ്യനായ കാൾസൻറെ പോരാട്ടം അവസാനിച്ചു. ദിവസങ്ങൾക്ക് മുമ്പ് ക്ലാസിക്കൽ ചെസിൽ ഇന്ത്യയുടെ ലോകചാമ്പ്യൻ ഡി ഗുകേഷും കാൾസനെ തോൽപ്പിച്ചിരുന്നു.

*************************************************

## WRESTLING

ഹംഗറിയിൽ നടക്കുന്ന ഗുസ്തി ടൂർണമെന്റിൽ 65 കിലോഗ്രാം പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യയുടെ സുജീത് കൽക്കൽ സ്വർണ്ണ മെഡൽ നേടി. അവസാന പോരാട്ടത്തിൽ, അസർബൈജാൻ താരത്തെയാണ് സുജീത് പരാജയപ്പെടുത്തിയത്. ഈ വർഷത്തെ യുണൈറ്റഡ് വേൾഡ് റെസ്‌ലിംഗ് റാങ്കിംഗ് സീരീസ് ഇവന്റുകളിൽ രാജ്യത്തിൻറെ ആദ്യ സ്വർണ്ണ മെഡലാണിത്. 57 കിലോഗ്രാം പുരുഷ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ ഇന്ത്യയുടെ രാഹുൽ വെങ്കല മെഡൽ നേടി.

*************************************************

## OOMMENCHANDY RAHUL

കേരളത്തിൻറെ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികം ഇന്ന്. ചരമവാർഷികദിനത്തോടനുബന്ധിച്ച് കെ.പി.സി.സി. സംഘടിപ്പിക്കുന്ന ഉമ്മൻചാണ്ടി സ്മൃതി സംഗമം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉദ്ഘാടനം

ചെയ്യും. രാവിലെ കോട്ടയം പുതുപ്പള്ളി സെൻറ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഗ്രൗണ്ടിലാണ് പരിപാടി.

***********************************************

## VANDE BHARAT

തിരഞ്ഞെടുത്ത വന്ദേ ഭാരത് ട്രെയിനുകൾക്ക് തത്സമയ റിസർവേഷൻ ആരംഭിച്ചതായി ദക്ഷിണ റെയിൽവെ. കേരളത്തിൽ ആലപ്പുഴ വഴിയുള്ള തിരുവനന്തപുരം - മംഗളൂരു, മംഗളൂരു-തിരുവനന്തപുരം ട്രെയിനുകളിലാണ് ഈ സൗകര്യം ലഭ്യമാകുന്നത്. സീറ്റ് ഒഴിവുണ്ടെങ്കിലും ട്രെയിൻ ആദ്യ സ്റ്റേഷൻ വിട്ടുകഴിഞ്ഞാൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ ഇതുവരെ കഴിയുമായിരുന്നില്ല. എന്നാൽ ഇനി സ്റ്റേഷനുകളിൽ ട്രെയിൻ എത്തുന്നതിന് 15 മിനിറ്റ് മുമ്പ് വരെ കറണ്ട് റിസർവേഷൻ ലഭ്യമാകും. കൗണ്ടറിൽ നിന്നോ ഓൺലൈനായോ ടിക്കറ്റ് ബുക്ക് ചെയ്യാം.

***********************************************

## M B RAJESH

രാജ്യത്തെ 100 ശുചിത്വനഗരങ്ങളുടെ പട്ടികയിൽ കേരളത്തിൽ നിന്നുള്ള എട്ട് നഗരങ്ങൾ ഇടം നേടിയതിൽ സന്തോഷം പ്രകടിപ്പിച്ച് മന്ത്രി എം.ബി രാജേഷ്. കഴിഞ്ഞ വർഷം ആയിരത്തിനുള്ളിൽ പോലും ഒറ്റ നഗരസഭയും ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. മാലിന്യ സംസ്കരണ രംഗത്ത് വൻ മുന്നേറ്റം നടത്തിയാണ് ഈ നേട്ടം സ്വന്തമാക്കിയത്.

*********************************************************************************************
**************************************************************